**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6638** **11-07-2024 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സൗഹൃദ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീമതി ദെലീമ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയുടെ ഭാഗമായി ടൂർ കമ്പനികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി വിശദമാക്കാമോ; | (എ) | സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയുടെ ഭാഗമായി ടൂർ കമ്പനികൾ ആരംഭിച്ചിട്ടുണ്ട്.<br><br>സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും, തികച്ചും സ്ത്രീ സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട് 2800 സ്ത്രീകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ വിവിധ പരിശീലനങ്ങൾ ലഭിച്ചവരിൽ ഏതാനും സ്ത്രീകൾ ടൂർ കമ്പനികൾ ആരംഭിച്ചിട്ടുണ്ട്. ഇവയെല്ലാം ഏകോപിപ്പിച്ച്, ഒരു സ്ത്രീ സൗഹാർദ്ദ ടൂറിസം ശൃംഖല രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത ലക്ഷ്യം മുൻനിർത്തി വനിതാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ബി) | മറവൻതുരുത്ത്, കുടരഞ്ഞി, കണ്ണൂർ, തലശ്ശേരി, പൊന്നാനി തുടങ്ങി വിവിധ പ്രദേശങ്ങളിൽ വിമൻ ആർ.ടി ക്ലബ്ബുകൾ രൂപീകരിക്കുകയും രജിസ്ട്രേഷൻ നടപടികൾ നടന്ന് വരികയുമാണ്. ഈ സാമ്പത്തിക വർഷം 30 വിമൻ ആർ ടി ക്ലബ്ബുകൾ രൂപീകരിക്കാൻ ആണ് ലക്ഷ്യമിട്ടിട്ടുള്ളത് |

സെക്ഷൻ ഓഫീസർ